# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബി.പി.)998/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 23/08/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷ്ണർ(ജനറൽ), എറണാകുളം
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബി.പി.)998/2023 തീയ്യതി: 23/08/2023

## എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാംകുട്ടി ടി.എൽ. | ജോയിന്റ് ഡയറക്ടർ | 20-06-2023 | 27-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2023 | 27-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അജിമോൻ പി.പി. ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രവീൺ ഷേണായ് ജെ. ഓഡിറ്റ് ഓഫീസർ
ശ്രീ.വിജു.എം.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ടിനു കെ.ജെ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി തുളസി സോമൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീദേവി കെ നമ്പൂതിരി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഫിബിമോൾ ഫ്രാൻസിസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ദേവിശ്രീ പി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി സലിത.എസ്.വി | എസ്.സി.ഡി.ഒ | 01-04-2022 | 27-10-2022 |
| ശ്രീ ജയപ്രകാശ് പി എൻ | എസ്.സി.ഡി.ഒ | 28-10-2022 | 31-03-2023 |
| ശ്രീമതി സുമം.കെ.ആർ | സി.ഡി.പി.ഒ | 01-04-2022 | 31-05-2022 |
| ശ്രീമതി മിനി ദാമോദരൻ | സി.ഡി.പി.ഒ | 01-06-2022 | 04-07-2022 |
| ശ്രീമതി ബീന സി ജെ | സി.ഡി.പി.ഒ | 05-07-2022 | 15-01-2023 |
| ശ്രീമതി റോഷ്നി | സി.ഡി.പി.ഒ | 16-01-2023 | 31-03-2023 |
| ശ്രീമതി സൂസമ്മ പി.വി | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2022 | 31-03-2023 |
| ഡോ ശ്രീകുമാരി.ബി.എസ് | മെഡിക്കൽ ഓഫിസർ,സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദുജ.കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ ജെറിൻ എൻ വി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 01-04-2022 | 16-08-2022 |
| ശ്രീമതി പ്രിയമോൾ കെ പി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 17-08-2022 | 22-09-2022 |
| ശ്രീ പ്രഭു ടി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 23-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ് - നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | ഗ്രാന്റുകൾ - I&P കണക്കും ACR കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്ത ബാങ്ക് അക്കൗണ്ടുകൾ. | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല | 1-11 |
| 15 | വയോജനക്ലബുകൾക്ക് കസേരയും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - മോണിറ്ററിംഗ് നടത്തിയിട്ടില്ല. | 1-12 |
| 16 | റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് ധനസഹായം - പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ | 1-13 |
| 17 | അതിദാരിദ്ര്യ പദ്ധതി- കുഴപ്പള്ളി ഗ്രാമപഞ്ചായത്തിന് കൈമാറിയ തുക – വിനിയോഗ വിവരം ലഭ്യമല്ല. | 1-14 |
| 18 | SPACE പദ്ധതി - പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകത | 1-15 |
| 19 | യുവകലാകാരന്മാർക്കുള്ള ഫെല്ലോഷിപ്പ്- അർഹതയുള്ളതിലും അധികമായി ഹോണറേറിയം നൽകി. | 1-16 |
| 20 | ലൈഫ് പദ്ധതി - ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുക – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-17 |
| 21 | ഇലക്ട്രോണിക് ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ - സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടില്ല | 1-18 |
| 22 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നില്ല | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 4(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 16.05.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

1. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

2. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

3. അനുബന്ധ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതുപോലെ, അക്കൗണ്ടിംഗ് രേഖകളുടെ തെറ്റായ പരിപാലനം കാരണവും ഓഡിറ്റ് തെളിവുകൾ നേടുന്നതിലെ വസ്തുതാപരവും വ്യാപകവുമായ അപര്യാപ്തതകൾ കാരണവും (പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ പേര്) വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള രസീത് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ (കമ്മി അല്ലെങ്കിൽ മിച്ചം), ആസ്തികളും എന്നിവ ഉൾപ്പെടുന്ന വാർഷിക സാമ്പത്തിക പ്രസ്താവനകൾ സത്യസന്ധവും ന്യായവുമായ വീക്ഷണം നൽകുന്നുണ്ടോ എന്ന അഭിപ്രായം പ്രകടിപ്പിക്കുവാൻ കഴിയുന്നില്ല.

സ്ഥലം:

തീയതി: സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ് - നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്, എ.സി.ആർ പ്രകാരമുള്ള നീക്കിയിരുപ്പ് തുക, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ബാങ്ക് പാസ്ബുക്ക് എന്നിവയിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് | | |
|---|---|---|---|---|---|---|---|
| | | | | | എ.സി.ആർ (₹) | പാസ് ബുക്ക് | ചെക്ക് ഇഷ്യൂ രജിസ്റ്റർ (₹) |
| CFC- | 820702 | 4623652 | 5444354 | 4487821 | 956533 | Single | 1848293 |

| | | | | | | | |
|---|---|---|---|---|---|---|---|
| Untied | | | | | | | |
| CFC-Tied | 2710908 | 5571894 | 8282802 | 6799249 | 1483553 | Account | 965076 |
| Total | 3531610 | 10195546 | 13727156 | 11287070 | 2440086 | 2813369 | 2813369 |

2020-21 ലെ സ്പിൽ ഓവർ തുക എന്ന പേരിൽ ബേസിക് ഗ്രാന്റ് 915652/- രൂപ അധികമായി അനുവദിച്ചിരുന്നെന്നും എന്നാൽ യഥാർത്ഥത്തിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്നത് ₹26427/- യാണെന്നും ആയതിനാൽ അധികമായി അനുവദിച്ചിരുന്ന തുക പിൻവലിക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും ആയത് പിൻവലിക്കാത്തതിനാലാണ് വ്യത്യാസം വന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതുപോലെ സാങ്കേതിക തകരാർ മൂലം 3 റിക്വിസിഷനുകളിൽ ഇരട്ടിപ്പ് വന്നതും വ്യത്യാസത്തിന് കാരണമായിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കി വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

### 1-1-2 ഗ്രാന്റുകൾ - I&P കണക്കും ACR കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വികസനഫണ്ട് പൊതുവിഭാഗം ഗ്രാന്റ്, കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വരവ് I-6 ഷെഡ്യൂൾ പ്രകാരമുള്ള തുകയും ACR പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | I-6 ഷെഡ്യൂൾ (₹) | ACR (₹) | വ്യത്യാസം (₹) |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 21239800 | 21439800 | 200000 |
| സി.എഫ്.സി<br>സി.എഫ്.സി. പെർഫോർമൻസ്<br>ആകെ | 10163234<br>9894<br>10173128 | 10195546 | 22418 |

ട്രഷറി നിയന്ത്രണം നിമിത്തം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പിൻവലിക്കാൻ സാധിക്കാതിരുന്ന ബില്ലുകളാണ് വ്യത്യാസത്തിന് കാരണമെന്ന് മനസ്സിലാക്കുന്നു എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത ബില്ലുകളുടെ വിശദ വിവരം രേഖപ്പെടുത്തി വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

### 1-1-3 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്ത ബാങ്ക് അക്കൗണ്ടുകൾ.

ബ്ലോക്ക് പഞ്ചായത്തിന്റെ ഇടപാടുകൾ നടക്കുന്ന മൂന്ന് ബാങ്ക് അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ അപാകത 2021-22 വാർഷിക ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും ആയത് 2022-23 വാർഷിക കണക്കുകളിലും ഉൾപ്പെടുത്തിയിട്ടില്ല. ഈ അക്കൗണ്ടുകളിൽ ഓഡിറ്റ് വർഷം നടന്നിട്ടുള്ള ഇടപാടുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| അക്കൗണ്ട് നം | 343202010010650<br>UBI എടവനക്കാട് | 343202010018931<br>UBI മാലിപ്പുറം | 57033137683<br>SBI<br>നായരമ്പലം |
|---|---|---|---|
| ഇനം | MGNREGS (₹) | MGNREGS Training (₹) | MPLADS (₹) |
| മുന്നിരിപ്പ് (മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | 105694 | 738 | 557371 |
| വരവ് | 2070870 | 47035 | 1356271 |
| ആകെ | 2176564 | 47773 | 1913642 |
| പിൻവലിച്ചത് | 1927864 | 38938 | 1572685 |

| | | | |
|---|---|---|---|
| നീക്കിയിരുപ്പ് | 248700 | 8835 | 340957 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 212(3) പ്രകാരം സർക്കാരിനോ ജില്ലാപഞ്ചായത്തിനോ വേണ്ടി സ്വീകരിക്കുന്ന പണം ഒഴികെ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്ന എല്ലാ പണവും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരുന്നതാണ്. അതുപോലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം പഞ്ചായത്തിന്റെ എല്ലാ പണമിടപാടുകളും അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് പരാമർശം ഉണ്ടായിരുന്നിട്ടും വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ പണമിടപാടുകൾ നടത്തപ്പെടുന്ന ഈ അക്കൗണ്ടുകൾ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. 27.06.2023 തീയതിയിൽ ചേരുന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ അനുമതി വാങ്ങി ഏറ്റവും അടുത്ത ദിവസം തന്നെ സാംഖ്യയിൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-2 ബജറ്റ്

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 03.03.2022 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 11.03.2022 ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി പാസ്സാക്കിയിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ തമ്മിൽ വലിയ വ്യത്യാസം കാണുന്നുണ്ട്. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് (₹) | റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ട് പ്രകാരമുള്ള യഥാർത്ഥ കണക്ക്. (₹) | വ്യത്യാസം (₹) |
|---|---|---|---|
| 1 | 2 | 3 | 4 (2-3) |
| മുന്നിരിപ്പ് | 17,53,579.00 | 2,57,93,870.00 | (-) 2,40,40,291.00 |
| വരവ് | 35,32,12,202.00 | 6,13,07,277.00 | 29,19,04,925.00 |
| ആകെ | 35,49,65,781.00 | 8,71,01,147.00 | 26,78,64,634.00 |
| ചെലവ് | 35,45,55,400.00 | 6,99,36,984.00 | 28,46,18,416.00 |
| നീക്കിയിരുപ്പ് | 4,10,381.00 | 1,71,64,163.00 | (-) 1,67,53,782.00 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹ 2,57,93,870.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹ 6,13,07,277.00 |
| ആകെ | : | ₹ 8,71,01,147.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹ 6,99,36,984.00 |
| നീക്കിയിരുപ്പ് | : | ₹ 1,71,64,163.00 |

(വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ്സ് & പേയ്മെന്റ് അക്കൗണ്ട് അടിസ്ഥാനമാക്കിയാണ് വരവ് ചെലവ് ചേർത്തിരിക്കുന്നത്. പ്രസ്തുത കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.)

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹) | വരവ് (എസിആർ പ്രകാരം) (₹) | ആകെ (₹) | ചെലവ് (എസിആർ പ്രകാരം) (₹) | ചെലവഴിക്കാതെ ലാപ്സായ തുക (₹) | നീക്കിയിരുപ്പ് തുക (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 22964200 | 22964200 | 21239800 | 1724400 | |
| വികസന ഫണ്ട് (എസ്.സി.പി) | - | 14058000 | 14058000 | 11326055 | 2731945 | |
| വികസനഫണ്ട് (ടി.എസ്.പി) | - | 77800 | 77800 | 20000 | 57800 | |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | 5129300 | 5129300 | 5012927 | 116373 | |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) | 820702 | 4623652 | 5444354 | 3416311 | 889225 | 1353247 (പലിശ 214429 ഉൾപ്പെടെ) |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 2710908 | 5571894 | 8282802 | 6799249 | - | 1460122 (23431രൂപ കുറവ് കാണുന്നുണ്ട്) |
| കേന്ദ്രാവിഷ്കൃതഫണ്ട് - | | | | | | |
| ടി എസ് സി | 322890 | 8824 | 331714 | - | - | 331714 |
| Literacy | 45321 | 12797 | 58118 | 58118 | - | 0 |
| അദർ ഗവ ഏജൻസീസ് | - | 1220884 | 1220884 | 1220884 | - | 0 |
| ഹെൽത്ത് ഗ്രാന്റ് | - | 2582957 | 2582957 | 756599 | - | 1826358 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത്-എണ്ണം | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് – എണ്ണം | നടപ്പാക്കാത്തവ -എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 121 | 71536168 | 90 | 49405287 | 15 | 16 | 74.38% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2023 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ഒന്നുമില്ല എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബജറ്റ് അപ്രോപ്രിയേഷൻ കൺട്രോൾ ഉറപ്പാക്കുന്നില്ല : പഞ്ചായത്ത് തനത് ഫണ്ട് വിനിയോഗത്തിൽ ബില്ലുകളിൽ ബജറ്റ് ഹെഡ് രേഖപ്പെടുത്തുകയോ തുക വിനിയോഗം സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇതിനാൽ ചെലവ് തുകകളുടെ ബജറ്റ് മാനേജ്മെന്റ് പരിശോധിക്കുവാൻ കഴിയുന്നില്ല. ചെലവുകൾ പാസാക്കുന്ന അധികാരി ബജറ്റ് പ്രൊവിഷൻ ഉറപ്പാക്കി മാത്രം തുക വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല : വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിംഗിനെ

ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിംഗ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല : ഓഡിറ്റ് വർഷത്തെ ബാലൻസ് ഷീറ്റിലെ ബി.7 ഷെഡ്യൂൾ പ്രകാരം ₹309277/- വിവിധ ഡെപ്പോസിറ്റിനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ തുകയുടെ വിശദവിവരങ്ങൾ ലഭ്യമാകുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.03.2021 മുതൽ 17.03.2021 വരെ | 2019-20 | 09.07.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.11.2019 മുതൽ 21.11.2019 വരെ | 2014-15 മുതൽ 2018 -19 വരെ | 16.12.2019 |

## 1-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 61/23 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | ₹2600000/-, വികസന ഫണ്ട് (എസ്,സി,പി) |
| ചെലവ് വിവരം | ബിൽ നം.01/22-23, തീ.17.08.2022 തുക 825000/-<br>ബിൽ നം.02/22-23, തീ.23.08.2022 തുക 53814/-<br>ബിൽ നം.08/22-23, തീ.20.12.2022 തുക 50000/-<br>ബിൽ നം.11/22-23, തീ.09.01.2023 തുക 100000/-<br>ബിൽ നം.13/22-23, തീ. 20.01.2023 തുക 125000/-<br>ബിൽ നം.14/22-23, തീ. 03.02.2023 തുക 150000/-<br>ബിൽ നം.15/22-23, തീ. 13.02.2023 തുക 325000/-<br>ബിൽ നം.16/22-23, തീ. 23.02.2023 തുക 150000/-<br>ബിൽ നം.18/22-23, തീ. 28.02.2023 തുക 275000/-<br>ബിൽ നം.19/22-23, തീ. 28.02.2023 തുക 50000/-<br>ബിൽ നം.20/22-23, തീ. 13.03.2023 തുക 325000/-<br>ബിൽ നം.21/22-23, തീ.18.03.2023 തുക 171186/-<br>ആകെ. ₹ 2600000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എസ്.സി.ഡി.ഒ, വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത് |

ഓഡിറ്റ് സാമ്പത്തിക വർഷം എസ്.സി.ഡി.ഒ, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് ഏകവർഷ പ്രോജക്ടായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-എന്ന പേരിൽ നടപ്പിലാക്കിയ പ്രോജക്ടിൽ താഴെച്ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ ഇനിയും പണി പൂർത്തികരിച്ചിട്ടില്ല. ഫയൽ പരിശോധിച്ചത് പ്രകാരമുള്ള പഠനമുറിയുടെ നിർമ്മാണം സംബന്ധിച്ച് വിവരങ്ങൾ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നിലവിലെ പൂർത്തീകരണ വിവരം | ഇതുവരെ അനുവദിച്ച തുക (₹) |
|---|---|---|---|
| 1 | അരുൺജിത്ത്, കളത്തിത്തറ, ചെറായി | ലിന്റിൽ ലെവൽ | 125000 |
| 2 | വിഷ്ണു.സി.ബി, ചിരട്ടപ്പുരയ്ക്കൽ, എടവനക്കാട് | ബേയ്സ്മെന്റ് | 125000 |
| 3 | സാരംങ്.പി.രാജു, പോട്ടേത്തറ ഞാറക്കൽ,14/A | ബേയ്സ്മെന്റ് | 125000 |

| | | | |
|---|---|---|---|
| 4 | വൈശാഖ്.പി.യു.,<br>പെരിയാട് വീട്, ഞാറക്കൽ | ലിന്റിൽ ലെവൽ | 125000 |
| 5 | ശ്രീലക്ഷ്മി,<br>നികത്തുതറ, ചെറായി | ലിന്റിൽ ലെവൽ | 125000 |
| 6 | അഭയദേവ്,<br>വട്ടക്കാട്ടുതറ, അയ്യമ്പിള്ളി | ബേയ്സ്മെന്റ് | 125000 |
| 7 | നവനീത്.കെ.എ,<br>കിഴക്കൻതുരുത്തിൽ<br>ചെറായി, പള്ളിപ്പുറം | ലിന്റിൽ ലെവൽ | 125000 |
| 8 | സുമിത്ര കൃഷ്ണ,<br>ചിരട്ടപ്പുരയ്ക്കൽ, നായരമ്പലം | ലിന്റിൽ ലെവൽ | 125000 |
| 9 | ജോതിലക്ഷ്മി,<br>നികത്തിൽ, ചെറായി | ലിന്റിൽ ലെവൽ | 125000 |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ പണിപൂർത്തികരിച്ചിട്ടുണ്ടെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പൂർത്തികരണ സാക്ഷ്യപത്രവും, വാല്യുവേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 24.06.2023 ൽ നല്കിയ 10-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രസ്തുത ഗുണഭോക്താക്കൾ പഠനമുറിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ അടിയന്തരമായി മേൽ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-12 വയോജനക്ലബുകൾക്ക് കസേരയും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - മോണിറ്ററിംഗ് നടത്തിയിട്ടില്ല.


| | |
|---|---|
| പ്രോജക്ട് നം, പേര് | 83/23, വയോജന ക്ലബുകൾക്ക് കസേരയും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹400000.00 വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം, തീയതി, ചെലവ് | 22110763615501377100, 16.03.2023 തുക ₹200000.00<br>22110763615501377127, 16.03.2023 തുക ₹200000.00 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ, വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് മാനസികോല്ലാസത്തിനും ആരോഗ്യസംരക്ഷണത്തിനുമായി അടിസ്ഥാന സൗകര്യമൊരുക്കൽ എന്ന പദ്ധതിക്കായാണ് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പള്ളിപ്പുറം, എടവനക്കാട്, കുഴുപ്പിള്ളി, ഞാറക്കൽ, നായരമ്പലം എന്നീ ഗ്രാമപഞ്ചായത്തിലെ വയോജന ക്ലബുകൾക്ക് കസേരകൾ വാങ്ങി നിർവ്വഹണോദ്യോഗസ്ഥൻ മുഖാന്തിരം നല്കിയിട്ടുണ്ട്. ഒരു കസേരയ്ക്ക് (Teak Wood Chair With Cushion) ജി.എസ്.ടി (18%) ഉൾപ്പെടെ ₹8695.65 നിരക്കിൽ 46 കസേരകൾ മേൽ ഗ്രാമപഞ്ചായത്തുകൾക്കായി വാങ്ങി നല്കിയിട്ടുണ്ട്. കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ ഒരു അങ്കണവാടിക്ക് (നമ്പർ 55) 6 കസേരയും, പള്ളിപ്പുറം (നമ്പർ 16,19), എടവനക്കാട്(നമ്പർ 61,79), ഞാറക്കൽ (നമ്പർ 112,114), നായരമ്പലം (നമ്പർ 83,85) എന്നീ ഗ്രാമപഞ്ചായത്തുകളിലെ 2 അങ്കണവാടികൾക്ക് 5 കസേരകൾ വീതവും നല്കിയിട്ടുണ്ട്. മേൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെച്ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) മേൽ പരാമർശിച്ചിട്ടുള്ള വയോജന ക്ലബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ അംഗീകാരമുള്ള വൃദ്ധസദനം, സായംപ്രഭ ഹോം, പകൽ വീട് എന്നിവയ്ക്ക് മാത്രമേ ഇത്തരത്തിലുള്ള ഫർണ്ണിച്ചറുകൾ നല്കാവുവെന്നിരിക്കേ ആഴ്ചയിൽ 6 ദിവസവും പ്രവർത്തിക്കുന്ന അങ്കണവാടികളിൽ എങ്ങനെയാണ് വയോജനങ്ങൾ വിശ്രമിക്കുവാനും ആനന്ദിക്കുവാനുമെത്തുന്നതെന്നും വിശദീകരിക്കേണ്ടതാണ്

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 20.06.2023ൽ നല്കിയ 1ാം നമ്പർ ഓഡിറ്റ് അന്വേണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രത്യേകമായി രജിസ്റ്റർ

ചെയ്തിട്ടില്ലെന്നും, അങ്കണവാടികൾക്ക് അവധിയുള്ള ദിവസങ്ങളിൽ മാത്രമേ വയോജനങ്ങൾ സമ്മേളിക്കാറുള്ളുവെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഓഡിറ്റ് കാലയളവിൽ ഓഡിറ്റ് ടീം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ 19ാം നമ്പർ അങ്കണവാടിയിൽ സ്ഥലപരിശോധന നടത്തിയപ്പോൾ കേവലം 20 കസേരകൾ ഇടുവാൻ മാത്രം സൗകര്യമുള്ള വയോജന ക്ലബിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്ന് വയോജന ക്ലബിനായി 56 കസേരകൾ നല്കിയതുൾപ്പെടെ 61 കസേരകൾ അടുക്കിവച്ചിട്ടുള്ളതായി കാണുവാൻ കഴിഞ്ഞു. മിനട്സ് ബുക്ക് പ്രകാരം കേവലം 19 വയോജനങ്ങൾ മാത്രം അംഗങ്ങളായിട്ടുള്ള ക്ലബിൽ നിലവിൽ 61 കസേരകൾ അടുക്കി വച്ചിട്ടുള്ളതിനാൽ തന്നെ വയോജനങ്ങൾക്ക് ഇരിക്കുവാനോ സമ്മേളിക്കുവാനോ സാധിക്കാത്ത അവസ്ഥയാണ്. 19-ാം നമ്പർ അങ്കണവാടിക്കായി കേവലം 5 കസേരകൾക്കാണ് ബ്ലോക്ക് പഞ്ചായത്ത് മേൽ പ്രോജക്ട് പ്രകാരം ₹43478/- ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം 46 കസേരകൾ അഞ്ച് അങ്കണവാടികൾക്കായി വാങ്ങിയതിനാണ് ബ്ലോക്ക് പഞ്ചായത്ത് ₹400000/- ചെലവഴിച്ചിട്ടുള്ളത്. 19-ാം നമ്പർ അങ്കണവാടിക്ക് തന്നെയാണ് പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 56 കസേരകൾ കുറഞ്ഞ ചെലവിൽ നല്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പള്ളിപ്പുറം ഗ്രാമപഞ്ചായത്തും വ്യക്തമായി ആസൂത്രണം നടത്താതെയാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. മോണിട്ടറിംഗ് സമിതി പ്രോജക്ട് സംബന്ധിച്ച് സൂക്ഷ്മമായ മോണിറ്ററിംഗ് നടത്തിയിട്ടില്ലയെന്ന് വ്യക്തമാണ്. കേവലം 20 അംഗങ്ങൾക്ക് മാത്രമിരിക്കുവാൻ കഴിയുന്ന വയോജന ക്ലബ്ബിൽ 61 കസേരകൾ നൽകിയത് നിമിത്തം വയോജനങ്ങൾക്ക് വിശ്രമിക്കുവാനോ, ആഹ്ലാദിക്കുന്നതിനാവശ്യമായ കലാപരിപാടികളിൽ ഏർപ്പെടുന്നതിനോ ഉള്ള സൗകര്യമില്ലാതെയായി.

വയോജനങ്ങൾക്ക് സമ്മേളിക്കുന്നതിനും ആനന്ദിക്കുന്നതിനും വേണ്ടിയുള്ള ക്ലബിന് അടിസ്ഥാനസൗകര്യമൊരുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രൊക്യൂയർമെന്റ് കമ്മറ്റി കസേരകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുത്തതിന്റേയോ, സാമ്പിൾ പരിശോധിച്ചതിന്റേയോ രേഖകൾ ഫയലിൽ നിന്ന് ലഭ്യമായിട്ടില്ല. ആയതിനാൽ സർക്കാർ ഫണ്ട് ചെലവഴിക്കുമ്പോൾ വ്യക്തമായ ആസൂത്രണം നടത്തേണ്ടതും, പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗും കൃത്യമായി നടത്തേണ്ടതാണ്.

## 1-13 റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് ധനസഹായം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 68/23 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് റഫറൻസ് ബുക്ക് ധനസഹായം |
| അടങ്കൽ | ₹100000.00<br>(വികസന ഫണ്ട് – എസ്.സി.പി) |
| ചെലവ് വിവരം | ₹46828/- (ബിൽ നം.22/22-23/22.03.2023)<br>₹37627/- (ബിൽ നം.24/22-23 /23.03.2023)<br>₹15545/- (ബിൽ നം. 25/22-23 /27.03.2023)<br>ആകെ ചെലവ് ₹100000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എസ്.സി.ഡി.ഒ, വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത് |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലെ, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് റഫറൻസ് ബുക്കുകൾക്ക് ധനസഹായം നല്കുക വഴി ഉന്നത വിദ്യാഭ്യാസം കൈവരിക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആയതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എടവനക്കാട്,

കുഴപ്പള്ളി, ഞാറക്കൽ, നായരമ്പലം എന്നി ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹത, മുൻഗണന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നിർണ്ണയിച്ച ഗുണഭോക്തൃലിസ്റ്റ് എന്നിവ പ്രകാരം ₹100000/- ധനസഹായം നൽകിയിട്ടുണ്ട്. ഗ്രന്ഥങ്ങൾ വാങ്ങിയതിന്റെ ബിൽ ലഭ്യമാക്കുന്ന മുറയ്ക്കാണ് നിർവ്വഹണോദ്യോഗസ്ഥൻ തുക അനുവദിക്കുന്നത്.

മേൽപദ്ധതിയുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) 19.04.2022 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം (കൈ)84/2022 പ്രകാരമുള്ള പൊതുമാർഗ്ഗരേഖയിലെ 6.1 ൽ (പട്ടികജാതി ഉപപദ്ധതി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിഭ പിന്തുണയുടെ ഭാഗമായി റഫറൻസ് ഗ്രന്ഥം വാങ്ങുന്നതിന് ധനസഹായം നല്കുന്നത് സംബന്ധിച്ച് പരാമർശിക്കുന്നില്ല. 28.05.2022 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഉത്തരവ് നം. (കൈ) 115/2022 ഉത്തരവിലെ 7.2.12 (പട്ടികജാതി/പട്ടിക വർഗ്ഗ പ്രതിഭകൾക്ക് പിന്തുണ) പ്രകാരം "സാമൂഹ്യവും സാമ്പത്തികവുമായ സഹായവും പിന്തുണയും ലഭ്യമാക്കുന്നതിന് ഇത്തരത്തിലുള്ള ആവശ്യങ്ങൾ ഈ പ്രതിഭകളിൽ നിന്നും ഉണ്ടാവുകയാണെങ്കിൽ വിശദാംശങ്ങൾ വാങ്ങി അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി നൂതന പ്രോജക്ടുകൽക്ക് വേണ്ടി ജില്ലാതല കമ്മറ്റിക്ക് നല്കി അംഗീകാരം വാങ്ങി ധനസഹായം നല്കാവുന്നതാണെന്ന് " നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരം പ്രോജക്ടുകൾ ജില്ലാപഞ്ചായത്തുകൾക്കും, നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാവു എന്ന് പ്രസ്തുത ഖണ്ഡികയിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ് ഈ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത് എന്ന് കാണുന്നു.

2) ഒരു നൂതന പ്രോജക്ട് എന്ന നിലയിൽ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് ജില്ലാതല കമ്മറ്റിയുടെ അംഗീകാരം ലഭ്യമായിട്ടുള്ളതായും കാണുന്നില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 21.06.2023 ൽ നല്കിയ 4ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ 17.03.2023 ലെ 106824/22/DPC/EKM പ്രകാരം അംഗീകാരം വാങ്ങിയിട്ടുണ്ടെന്ന് അറിയിച്ചു. കൂടാതെ വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ അവശത അനുഭവിക്കുന്ന ജനവിഭാഗത്തിന്റെ പുരോഗതി സാദ്ധ്യമാകൂ എന്നതിനാലാണ് ഒരു നൂതന പ്രോജക്ടായി ഏറ്റെടുത്തതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ മാർഗ്ഗരേഖയിൽ ബ്ലോക്ക് പഞ്ചായത്തുകൾ ഇത്തരം പ്രേജക്ടുകൾ ഏറ്റെടുക്കുവാൻ പാടില്ലെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല കമ്മറ്റിയുടെ അംഗീകാരം ലഭ്യമായിട്ടുള്ളതിന്റെ പകർപ്പ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ₹100000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-14 അതിദാരിദ്ര്യ പദ്ധതി- കുഴപ്പള്ളി ഗ്രാമപഞ്ചായത്തിന് കൈമാറിയ തുക – വിനിയോഗ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 0112/23 |
| പ്രോജക്ടിന്റെ പേര് | അതിദാരിദ്ര്യ പദ്ധതി |
| അടങ്കൽ | ₹50000/- വികസനഫണ്ട് - പൊതുവിഭാഗം |
| ചെലവ് വിവരം | ₹50000/- വികസനഫണ്ട് - പൊതുവിഭാഗം (ബിൽ 0/31.3.23) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

അതിദാരിദ്ര്യ പദ്ധതി എന്ന സംയുക്ത പ്രോജക്ടിന്റെ ഭാഗമായി കുഴപ്പള്ളി ഗ്രാമ പഞ്ചായത്തിന് നൽകിയ തുകയാണിത്. ഈ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 15/26.06.2023 -ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് അതിദാരിദ്ര്യ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി GO(Rt) No.876/2013/LSGD/30.03.2013 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂർതുക നൽകിയതാണെന്നും ഐറ്റം ലഭ്യമാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിന് വിധേയമായി ₹50000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 SPACE പദ്ധതി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകത

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 105/23 | |
| പ്രോജക്ടിന്റെ പേര് | സ്പേയ്സ് പദ്ധതി | |
| അടങ്കൽ | ₹114250.00 (വികസന ഫണ്ട് - ജനറൽ) | |
| ചെലവ് വിവരം | ബിൽ നമ്പർ/തീയതി | 93907 / 27.1.23 |
| | തുക | ₹114250.00 (വികസന ഫണ്ട്- ജനറൽ) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

1) ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തുമായി ചേർന്ന് ജോയിന്റ് വെഞ്ചർ പ്രോജക്ടായി നടപ്പിലാക്കിയ പ്രോജക്ടാണ് SPACE (Special Platform To Achieve Classroom Expense For Bedridden Children). എന്നാൽ തുക SSK.EKM-A.2/110/2022/20.1.2023 -ാം നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് SSK State Project Director- ക്കാണ് കൈമാറിയിട്ടുള്ളത്. അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തിയതിന്റെ കാരണം വ്യക്തമല്ല.

2) SSKയുടെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത് ഏഴ് മാസത്തേക്കുള്ള ക്ലാസ് റൂം ചെലവുകളിലേക്കായി ₹214250.00 നൽകുന്നതിനായിട്ടാണ്. ഇത് എത്ര ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള ചെലവാണെന്നോ പദ്ധതിയുടെ ആകെ അടങ്കൽ എത്രയെന്നോ ബ്ലോക്ക് പഞ്ചായത്ത് വിഹിതം എത്ര ശതമാനമാണെന്നോ വ്യക്തമല്ല. ഒരു ലക്ഷം രൂപ കുറവാണ് അടവാക്കിയിട്ടുള്ളത്. ഏത് സാഹചര്യത്തിലാണ് ബ്ലോക്ക് വിഹിതം കുറവായി അടവാക്കിയതെന്നും വ്യക്തമല്ല.

3) SPACE പ്രോജക്ടിനായി ആകെ നൽകിയ ₹114250.00 യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

4) പ്രോജക്ട് നിർവ്വഹണം മോണിറ്ററിംഗ് കമ്മറ്റി വിലയിരുത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/21.06.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളാൽ ₹114250/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 യുവകലാകാരന്മാർക്കുള്ള ഫെല്ലോഷിപ്പ്- അർഹതയുള്ളതിലും അധികമായി ഹോണറേറിയം നൽകി.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 0024/23 | |
| പ്രോജക്ടിന്റെ പേര് | യുവകലാകാരന്മാർക്ക് ഡയമണ്ട് ജൂബിലി ഫെല്ലോഷിപ്പ് 2021-22 | |
| അടങ്കൽ | ₹30000.00 (വികസന ഫണ്ട്- ജനറൽ) | |
| ചെലവ് വിവരം | ബിൽ നമ്പർ/തീയതി | 100064212/ 29.4.22 |
| | തുക | ₹30000.00 (വികസന ഫണ്ട്- ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | |

നാല് കലാകാരന്മാർക്ക് ഡയമണ്ട് ജൂബിലി ഫെല്ലോഷിപ്പ് നൽകുന്നതിനായിട്ടാണ് ₹ 30000.00 വിനിയോഗിച്ചിട്ടുള്ളത്. പ്രതിമാസം ₹5000/- നിരക്കിൽ 15.02.2022 മുതൽ 31.03.2022 വരെ യുള്ള ഒന്നര മാസത്തേക്ക് ഒരാൾക്ക് ₹7500/- വീതം നൽകിയിട്ടുണ്ട്. എന്നാൽ ഹോണറേറിയം അനുവദിക്കുന്നതിനായി സാംസ്കാരിക വകുപ്പ് നൽകിയിട്ടുള്ള സാക്ഷ്യപത്രത്തിൽ കലാപ്രവർത്തകരുടെ 15.02.2022 മുതൽ 20.03.2022 വരെയുള്ള പ്രകടനമാണ് വിലയിരുത്തിയിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ ഒരു മാസത്തെ ഹോണറേറിയത്തിന് മാത്രമാണ് അർഹതയുള്ളത്. കൂടുതൽ തുക അനുവദിച്ചതിനാൽ ₹10000/- യുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കലാകാരന്റെ പേര് | അർഹമായ തുക (₹) | നൽകിയ തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|
| 1 | രവീണ.എം.ആർ.- മോഹിനിയാട്ടം | 5000.00 | 7500.00 | 2500.00 |
| 2 | ആർദ്ര ശ്രീകുമാർ - സംഗീതം (വോക്കൽ) | 5000.00 | 7500.00 | 2500.00 |
| 3 | ഋതു സന്ധ്യാ ഗിരീഷ് - ചിത്രകല | 5000.00 | 7500.00 | 2500.00 |
| 4 | മനു സെബാസ്റ്റ്യൻ. കെ - ചവിട്ടു നാടകം | 5000.00 | 7500.00 | 2500.00 |
| ആകെ | | 20000.00 | 30000.00 | 10000.00 |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 06/22.06.23 -ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ₹10000/- യുടെ ചെലവ്

തടസ്സപ്പെടുത്തുന്നു.

1-17 ലൈഫ് പദ്ധതി - ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുക - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1.ലൈഫ് പദ്ധതി- ഭൂരഹിത ഭവന രഹിതർക്ക് ധനസഹായം (എസ്.സി.പി.)

| | |
|---|---|
| പ്രോജക്ട് നമ്പർ | 0051/23 |
| പ്രോജക്ടിന്റെ പേര് | ലൈഫ് പദ്ധതി- ഭൂരഹിത ഭവന രഹിതർക്ക് ധനസഹായം (എസ്.സി.പി.) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള ഗ്രാമപഞ്ചായത്തുകൾക്ക് അവരുടെ ആവശ്യപ്രകാരം ലൈഫ് പദ്ധതിക്കായി പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി തുക കൈമാറി നൽകിയിട്ടുണ്ട്. എന്നാൽ എത്ര ഗുണഭോക്താക്കൾക്ക് വേണ്ടിയാണെന്നോ ഓരോ ഗുണഭോക്താക്കൾക്കും എത്രവീതം തുകയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി നൽകേണ്ടതെന്നോ വ്യക്തത വരുത്താതെയാണ് വിഹിതം കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം ഗുണഭോക്താക്കൾക്കായാണ് അനുവദിച്ചത് എന്ന് രേഖപ്പെടുത്തി തുക വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് വിഹിതമായി നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ വിവരം | തുക (₹) | വിഹിതം കൈപ്പറ്റിയ ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | 58614/18.01.23 | 12,00,000.00 | പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് |
| 2 | 44186/25.02.23 | 5,00,000.00 | |
| 3 | 94901/15.02.23 | 10,00,000.00 | എടവനക്കാട് ഗ്രാമപഞ്ചായത്ത് |
| 4 | 0/17.03.23 | 1,60,000.00 | എടവനക്കാട് ഗ്രാമപഞ്ചായത്തിലെ സുനന്ദ തോപ്പിൽപറമ്പിൽ (തുക ഗുണഭോക്താവിന് നൽകിയതായി കാണുന്നു) |
| 5 | 0/09.03.23 | 50,000.00 | എടവനക്കാട് ഗ്രാമപഞ്ചായത്തിലെ തങ്കമ്മ മുരിക്കാത്തറ ഹൌസ് (തുക ഗുണഭോക്താവിന് നൽകിയതായി കാണുന്നു) |
| 6 | 16979/21.02.23 | 10,00,000.00 | കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| 7 | 89601/09.03.23 | 10,00,000.00 | ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 8 | 95824/27.03.23 | 26,289.00 | ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| ആകെ | | 49,36,289.00 | |

ക്രമ നമ്പർ 4, 5 എന്നിവയിലെ തുക ഒഴികെ ബാക്കി ₹47,26,289/- യുടെ തുക നൽകപ്പെട്ട ഗുണഭോക്താക്കളുടെ പേരുവിവരം ഉൾപ്പെടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.7/23.06.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ലൈഫ് പദ്ധതി- ഭൂരഹിത ഭവന രഹിതർക്ക് ധനസഹായം (ജനറൽ)

| | |
|---|---|
| പ്രോജക്ട് നമ്പർ | 0050/23 |
| പ്രോജക്ടിന്റെ പേര് | ലൈഫ് പദ്ധതി- ഭൂരഹിത ഭവന രഹിതർക്ക് ധനസഹായം (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള ഗ്രാമപഞ്ചായത്തുകൾക്ക് അവരുടെ ആവശ്യപ്രകാരം ലൈഫ് പദ്ധതിക്കായി പൊതുവിഭാഗം വികസന ഫണ്ട് ഉൾപ്പെടുത്തി തുക കൈമാറി നൽകിയിട്ടുണ്ട്. എന്നാൽ എത്ര ഗുണഭോക്താക്കൾക്ക് വേണ്ടിയാണെന്നോ, ഓരോ ഗുണഭോക്താവിനും എത്രവീതം തുകയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി നൽകേണ്ടതെന്നോ വ്യക്തത വരുത്താതെയാണ് വിഹിതം കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം ഗുണഭോക്താക്കൾക്കായാണ് അനുവദിച്ചത് എന്ന് രേഖപ്പെടുത്തി തുക വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് വിഹിതമായി നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ വിവരം | തുക (₹) | വിഹിതം കൈപ്പറ്റിയ ഗ്രാമപഞ്ചായത്ത് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 78853/23.1.23 | 22,00,000.00 | പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് |
| 2 | 39635/28.3.23 | 10,00,000.00 | |
| 3 | 76666/31.3.23 | 10,00,000.00 | |
| 4 | 76684/31.3.23 | 27,430.00 | |
| 5 | 78853/23.1.23 | 10,85,600.00 | എടവനക്കാട് ഗ്രാമപഞ്ചായത്ത് |
| 6 | 0/17.3.23 | 9,00,000.00 | കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| 7 | 0/28.3.23 | 1,00,000.00 | ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| ആകെ | | 63,13,030.00 | |

ക്രമ നമ്പർ 6, 7 എന്നിവയിലെ തുക യഥാർത്ഥ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിയതിനാൽ ആയവ ഒഴികെ ബാക്കി ₹53,13,030/- യുടെ തുക നൽകപ്പെട്ട ഗുണഭോക്താക്കളുടെ പേരുവിവരം ഉൾപ്പെടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/26.6.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹1,00,39,319/- (4726289 + 5313030) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ഇലക്ട്രോണിക് ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ - സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 58/23 | |
| പ്രോജക്ടിന്റെ പേര് | ബ്ലോക്ക് പഞ്ചായത്ത് വളപ്പിലും സർക്കാർ ആശുപത്രികളിലും ഇലക്ട്രോണിക് ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ സ്ഥാപിക്കൽ. | |
| അടങ്കൽ | ₹1842000/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) | |
| ചെലവ് വിവരം | ബിൽ നമ്പർ/ തീയതി | 0/ 17.03.2023 |
| | തുക | ₹1842000/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | |

ബ്ലോക്ക് പഞ്ചായത്ത് വളപ്പിലും മുനമ്പത്തും അയ്യമ്പിള്ളിയിലും പ്രവർത്തിക്കുന്ന കുടുംബാരോഗ്യകേന്ദ്രങ്ങളിലും സ്ഥാപിക്കുന്നതിനായി M/s ഫ്ലോറെറ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് ₹614000/- നിരക്കിൽ മൂന്ന് ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. FT-M 086/22-23/ 17.2.23). സ്റ്റോക്ക് രജിസ്റ്റർ പേജ് 52 ലെ രേഖപ്പെടുത്തലുകൾ പ്രകാരം ഈ ഉപകരണം 17.2.2023 ൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിലും ഓഡിറ്റ് വേളയിലും ഉപകരണം അതാതിടങ്ങളിൽ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടില്ല. ഇവ സ്ഥാപിച്ച് ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/ 26.06.2023) ഇരുപത് ദിവസത്തിനകം ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ച് മെഷീൻ പ്രവർത്തക്ഷമമാക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടും ലഭ്യമാക്കുന്നതിന് വിധേയമായി 18.42 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നില്ല

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 1997-98 മുതൽ 2021-22 വർഷം വരെയുള്ള 22 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. മുൻകാലങ്ങളിൽ റിപ്പോർട്ടുചെയ്യപ്പെട്ട അപാകതകൾ തീർപ്പാക്കുവാനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സത്വരമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം

ഓഡിറ്റ് വർഷത്തിൽ പി.എം.എ.വൈ. പദ്ധതിയിലേക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച ₹490000/- പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

എ.എഫ്.എസിലെ ബി.4 ഷെഡ്യൂളിൽ 320700203 എന്ന ഹെഡിലെ ₹1799996/- യും 320700205 എന്ന ഹെഡിലെ ₹1362862/- യും യഥാക്രമം ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ നീക്കിയിരിപ്പുണ്ട്. ഇത് ഏതെല്ലാം പ്രോജക്ടുകൾക്കായി ഏതെല്ലാം പഞ്ചായത്തുകളിൽ നിന്നും ലഭിച്ചതാണെന്ന വിവരം ലഭ്യമല്ല.

### 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ജല അതോറിറ്റി | പഴയകുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ | പ്രോജക്ട് നം. എസ്.0025/23 | 1400500.00 | 0.00 | 1400500.00 |
| ജല അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടിസ്ഥാപിക്കലും അറ്റകുറ്റപ്പണിയും | പ്രോജക്ട് നം. എസ്.0043/23 | 2760000.00 | 0.00 | 2760000.00 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5 വായ്പ/ വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക (₹) | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 3-4 | 10675 | പുതുവൈപ്പ് പട്ടികജാതി പട്ടികവർഗ വ്യവസായ സഹകരണസംഘം കൃഷിപ്പാടം ആഴം വർദ്ധിപ്പിക്കുന്നത് | തുക അടവാക്കാൻ ശേഷിക്കുന്നു. |
| | 3-5 | 85000 | കൃഷിസമാജങ്ങൾക്ക് യന്ത്രോപകരണം | “ |
| | 3-6 | 18750 | മുനമ്പം ഗവ.ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ | “ |
| | 3-7 | 43750 | മാലിപ്പുറം സി എച്ച് സി സൗകര്യം വർദ്ധിപ്പിക്കൽ | “ |
| 2007-08 | 3-9 | 7581 | നായരമ്പലം ഗ്രാമ പഞ്ചായത്ത് വാർഡ് 9 എസ്.സി കോളനി സാംസ്കാരിക നിലയം ടൈൽ വിരിച്ചതിന് അധിക നിരക്ക് | “ |

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 6,13,07,277.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 6,99,36,984.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 00.00 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 00.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 1,21,55,569.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-13 | 100000 | ശ്രീ.ജയപ്രകാശ് പി.എൻ., എസ്.സി.ഡി.ഒ | പൂക്കാട്ട് വീട് ശ്രീമൂലനഗരം. 683580 |
| 1-14 | 50000 | ശ്രീമതി.ശ്രീദേവി കെ.നമ്പൂതിരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ഹരിശ്രീ, തൈക്കാട്ടുശ്ശേരി.പി.ഒ ചേർത്തല, ആലപ്പുഴ |
| 1-15 | 114250 | ” | ഹരിശ്രീ, തൈക്കാട്ടുശ്ശേരി.പി.ഒ ചേർത്തല, ആലപ്പുഴ |

| | | | |
|---|---|---|---|
| 1-16 | 10000 | ,, | ഹരിശ്രീ.തൈക്കാട്ടുശ്ശേരി.പി.ഒ ചേർത്തല, ആലപ്പുഴ |
| 1-17 | 10039319 | ,, | ഹരിശ്രീ.തൈക്കാട്ടുശ്ശേരി.പി.ഒ ചേർത്തല, ആലപ്പുഴ |
| 1-18 | 1842000 | ,, | ഹരിശ്രീ.തൈക്കാട്ടുശ്ശേരി.പി.ഒ ചേർത്തല, ആലപ്പുഴ |
| ആകെ | 12155569 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (ജി.എസ്.ടി) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| ഇല്ല | | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ.ജയപ്രകാശ് പി.എൻ. | എസ്.സി.ഡി.ഒ | പൂക്കാട്ട് വീട് ശ്രീമൂലനഗരം. 683580 |
| 2 | ശ്രീമതി.ശ്രീദേവി കെ.നമ്പൂതിരി | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ഹരിശ്രീ, തൈക്കാട്ടുശ്ശേരി.പി.ഒ ചേർത്തല, ആലപ്പുഴ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 &1998-99 | എൽ.എഫ്.ഇ (ബി.പി.2) 68/12 /21.11.13 |
| 1999-2000 | എൽ.എഫ്.ഇ (ബി.പി.2) 68/12 / 21.11.13. |
| 2000-01 & 2001-02 | എൽ.എഫ്.ഇ (ബി.പി.2) 68/12 / 21.11.13. |
| 2002-03 | എൽ.എഫ്.ഇ (ബി.പി.2) 68/12 /21.11.13. |
| 2003-04 | എൽ.എഫ്.ഇ (ബി.പി.2) 68/12 /21.11.13 |
| 2004-05 | എൽ.എഫ്.ഇ.(ബി.പി.2) 68/12 /21.11.13 |
| 2005-06 | എൽ.എഫ്.ഇ.(ബി.പി.2) 68/12 /21.11.13 |
| 2006-07 | എൽ.എഫ്.ഇ.(ബി.പി.2) 68/12 /21.11.13 |
| 2007-08 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2008-09 | എൽ.എഫ്.ഇ(ബി.പി.2) 734/13 /13.6.13 |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.2) 326/12 /13.9.12 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 2175/13 /6.3.14 |
| 2011-12 | എൽ.എഫ്.ഇ. (ബി.പി.2) 2175/13 /6.3.14 |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.2) 262/2014 /15.3.14/ 11.4.14 |
| 2013-14 | എൽ.എഫ്.ഇ. (ബി.പി.2)225/ 2015/ 11.2.15/8.4.15 |
| 2014-15 & 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)1597/2016,1.10.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)1429/2019/ 03.12.2020 |

| | |
|---|---|
| 2017-18 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)280/2020/ 03.12.2020 |
| 2018-19 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)198/2020/ 04.11.2020 |
| 2019-20 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)955/2022/ 13.07.2021 |
| 2020-21 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)956/2022/ 15.07.2021 |
| 2021-22 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി) 356/ 2023 /20.04.2023 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 16-05-2023 and submitted on 18-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vypin Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vypin Block Panchayat for the year 2022-2023

Date: 23/08/2023

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Vypin Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

4. Non inclusion of *Notes on Accounts* in Financial statements and non disclosure of material facts.

**2.Other Observations**

1. Closing balance under Central Finance Commission Grant, ACR does not match with the balance in Cheque issue register and bank pass book.

2. Inflow of Development Fund (General Category) Grant and Central Finance Commission Grant is not match between the amount as per Schedule I-6 and the amount as per ACR.

3. The three bank accounts in which the transactions of the Block Panchayat are conducted are not included in the annual financial statements.

Joint Director
District Office Ernakulam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്